പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138 06-03-2018-ലെ മറുപടിയ്ക്ക്

# കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദന ചെലവ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ.കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ.സി.കെ.നാണു**<br>**ശ്രീ.കെ.ബി.ഗണേഷ് കുമാർ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദന ചെലവ് കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ; | **(എ)** സംസ്ഥാനത്ത് കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദന ചെലവ് കണക്കാക്കുന്നത് താഴെപ്പറയുന്ന വിധമാണ്;<br>വിളകളുടെ കൃഷി ചെലവുകൾ 4 വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.<br>**ചെലവ് - എ, ചെലവ്-ബി1, ചെലവ്-ബി, ചെലവ് - സി** എന്നിവയാണ് നാല് വിഭാഗങ്ങൾ<br>I. **ചെലവ് -എ**<br>ഉത്പാദകർ ധനമായി വില/കൂലി നൽകേണ്ട ചെലവുകളുടെ ആകെ തുകയാണ് **ചെലവ് - എ** . ഇതിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ഇനി പറയുന്നു:<br>1. കൂലി തൊഴിലാളികളുടെ വേതനം.<br>2. കന്നുകാലികളെ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളുടെ (ഉഴവ് തുടങ്ങിയവ) കൂലി.<br>3. യന്ത്രോപകരണങ്ങളുടെ വാടക<br>4. വിത്ത്/ തൈകളുടെ വില<br>5. ജൈവ, രാസവളങ്ങളുടെ വില<br>6. സസ്യ സംരക്ഷണ ചെലവുകൾ<br>7. ഭൂനികുതി, ജലസേചന കരം.<br>8.പണിയായുധങ്ങൾ,യന്ത്രോപകരണങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണം, |

അറ്റകുറ്റപണികൾ എന്നിവയുള്ള ചെലവ്.

9. പ്രവർത്തന മൂലധനത്തിന്റെ പലിശ

10. മറ്റ് ചെലവുകൾ

II. **ചെലവ് -ബി 1**

**ചെലവ് എ** -യോടൊപ്പം ഭൂമി ഒഴികെയുള്ള സ്ഥിരം ആസ്തികളുടെ (ഉദാ: യന്ത്രങ്ങൾ) വിലയിന്മേലുള്ള പലിശ കൂടി കൂട്ടുമ്പോൾ, **ചെലവ് ബി-1** ലഭിക്കുന്നു.

III. **ചെലവ് - ബി**

**ചെലവ് ബി-1**-നോടൊപ്പം ഭൂമി വിലയിന്മേലുള്ള പലിശ കൂടി ചേർക്കുമ്പോൾ **ചെലവ് ബി** ലഭിക്കുന്നു.

IV. **ചെലവ് - സി**

**ചെലവ് ബി**-യോടൊപ്പം കുടുംബാംഗങ്ങളുടെ അദ്ധ്വാനത്തിന്റെ മൂല്യം കണക്കാക്കിയതു കൂടി ചേർക്കുമ്പോൾ **ചെലവ് - സി** ലഭിക്കുന്നു.

| | | | |
|---|---|---|---|
| **ബി)** | നിലവിൽ നെൽകൃഷിയുടെ ഉല്പാദന ചെലവിന്റെ എത്ര ശതമാനമാണ് മിനിമം താങ്ങുവിലയായി കർഷകന് ലഭിക്കുന്നതെന്ന് അറിയിക്കുമോ; | **ബി)** | കമ്മിഷൻ ഫോർ അഗ്രികൾച്ചറൽ കോസ്റ്റസ് ആന്റ് പ്രൈസസ് (സി.എ.സി.പി) യുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2018 സീസണിൽ നെല്ലിന്റെ താങ്ങുവില ക്വിന്റലിന് 1550/- രൂപയായി ( ഉല്പാദന ചെലവിന്റെ 138.76%) കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. |
| **സി)** | നാണ്യവിളകളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വിദേശ വരുമാനം എത്രയാണെന്ന് അറിയിക്കുമോ; ഏറ്റവും അധികം വിദേശ വരുമാനം നേടിത്തരുന്ന നാണ്യവിള ഏതാണെന്ന് വ്യക്തമാക്കുമോ; | സി) | 2016 -ലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അവലോകന റിപ്പോർട്ടിനനുസരിച്ച് നാണ്യവിളകളിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച വിദേശ വരുമാനം 8496.19 കോടി രൂപയാണ്. ഏറ്റവും അധികം വരുമാനം സുഗന്ധ വിളകളിൽ നിന്നുമായിരുന്നു. |
| **ഡി)** | നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയിൽ കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ | ഡി) | 2012-13 വർഷത്തിൽ 197277 ഹെക്ടർ ഉണ്ടായിരുന്ന നെൽകൃഷി 2016-17 വർഷത്തിൽ 171398 ഹെക്ടറായി കുറഞ്ഞു. ഈ കുറവിനു ആനുപാതികമായി 2012-13 |

ഉണ്ടായിട്ടുള്ള കുറവ് എത്രയാണെന്ന് അറിയിക്കുമോ; ഈ കുറവിന് ആനുപാതികമായി ഉല്പാദനത്തിൽ വന്നിട്ടുള്ള വ്യത്യാസം എത്രയാണെന്ന് വ്യക്തമാക്കുമോ?

വർഷത്തിൽ ഉണ്ടായിരുന്ന 508299 ടൺ ഉല്പാദനം 2016-17 വർഷത്തിൽ 436483 ടൺ ആയി കുറഞ്ഞു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉല്പാദനം (ടൺ) |
|---|---|---|
| 2012-13 | 197277 | 508299 |
| 2013-14 | 199611 | 564325 |
| 2014-15 | 198159 | 562092 |
| 2015-16 | 196870 | 549275 |
| 2016-17 | 171398 | 436483 |

ഇതുവരെയുള്ള നക്കൽ കണക്കുകൾ പ്രകാരം 2017-18 വർഷത്തിൽ സംസ്ഥാനത്തിലുടനീളം ആകെ 220449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ